LIBRARY ARCHIVES Kerala Legislative Assembly

കൊക്കോകൃഷി വികസനം

236 (1206) ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊക്കോകൃഷി വികസനത്തിന് പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിക്ക് കേന്ദ്രസർക്കാരിൽ നിന്ന് സാമ്പത്തിക സഹായം ലഭ്യമായിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകുമോ ?

ഉത്തരം

(എ) ഉണ്ട്. ദേശീയ മഹാർട്ടി കൾച്ചർ മിഷൻ പദ്ധതിയിൽ "വിളവിസ്തൃതി വർദ്ധിപ്പിക്കൽ" എന്ന ഘടകത്തിൽ കൊക്കോ കൃഷിയും ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ദേശീയ ഹോർട്ടികൾച്ചർ മിഷന്റെ പുതിയ മാർഗ്ഗരേഖയനുസരിച്ച് കൊക്കോകൃഷി വ്യാപിപ്പിക്കുന്നതിനായി ഒരു ഗുണഭോക്താവിന് പരമാവധി 4 ഹെക്ടർ സ്ഥലത്ത് കൊക്കോകൃഷി ചെയ്യുന്നതിനായി ഹെക്ടറൊന്നിന് 20,000 രൂപ 60:20:20 എന്ന അനുപാതത്തിൽ മൂന്ന് വർഷക്കാലയളവിലായി നൽകിവരുന്നു. 2005-06 മുതൽ കൊക്കോ കൃഷി വികസനത്തിന് നൽകിയ ധനസഹായത്തിന്റെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	വർഷം	ഭൗതികം (ഹെക്ടർ)	സാമ്പത്തികം (ലക്ഷം രൂപ)
1	2006-07	100	5.625
2	2007-08	242.7503	9.85038
3	2008-09	336.05	11.88847
4	2009-10	653.2083	158.0224
5	2010-11	1688.2733	192.26848

കൃഷിഫാമുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും വിപുലീകരിക്കുന്നതിനും നടപടി

237 (1207) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീമതി ജെ. അരുന്ധതി :
ശ്രീ. പി. കൃഷ്ണപ്രസാദ് :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കൃഷിഫാമുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും വിപുലീകരിക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) കൃഷിഫാമുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) നൂതന കാർഷിക സാങ്കേതിക വിദ്യകൾ പ്രചരിപ്പിക്കുന്നതിന് കൃഷിഫാമുകളെ സജ്ജമാക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) നടീൽവസ്തുക്കളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുമോ ;

(ഇ) പുതിയതരം നടീൽവസ്തുക്കൾ കൃഷിഫാമുകളിലൂടെ വിതരണം ചെയ്യുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ കൃഷി ഫാമുകളുടെ പ്രവർത്തനം വിപുലീകരിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനുമായി നിരവധി പദ്ധതികൾ കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. പ്രധാനമായും നടപ്പാക്കുന്ന പദ്ധതികൾ താഴെ പറയുന്നവയാണ്:

1. ഫാമുകളെ നിലവാരമുള്ള പ്രദർശനത്തോട്ടങ്ങളായി ഉയർത്തുന്നതിന്റെ ഭാഗമായി അത്യുൽപ്പാദന ശേഷിയുള്ള വിവിധയിനം വിളകൾ ശാസ്ത്രീയമായ രീതിയിൽ കൃഷി ചെയ്യുക.

2. അത്യുൽപ്പാദന ശേഷിയുള്ള പുതിയ ഇനം നടീൽ വസ്തുക്കളുടെ ന്യൂക്ലിയസ് വിത്ത് ഗവേഷണ സ്ഥാപനങ്ങളിൽ നിന്നും വാങ്ങി ഫാമുകളിൽ വർദ്ധനവ് നടത്തി കർഷകർക്ക് വിതരണം ചെയ്യുക.

3. കാർഷിക വിളകളുടെ ശാസ്ത്രീയ പരിപാലന മുറകളും ഉല്പന്നങ്ങളുടെ മെച്ചപ്പെട്ട സംസ്കരണ രീതികളും ഉൾപ്പെടുത്തി സംസ്ഥാനത്തെ ഫാമുകളെ മാതൃകാ കാർഷിക യൂണിറ്റുകളാക്കി മാറ്റുക.

4. കാർഷിക മേഖലയിൽ വികസിപ്പിച്ചെടുത്തിട്ടുള്ള കാർഷിക യന്ത്രവൽക്കരണം ഉൾപ്പെടുന്ന നൂതന സാങ്കേതിക വിദ്യകൾ സംസ്ഥാനത്തെ ഫാമുകളിൽ നടപ്പിലാക്കി കാര്യക്ഷമത വിലയിരുത്തുക. ഫാമുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി അവയുടെ കാര്യക്ഷമത വികസിപ്പിക്കുക.

(ബി) ഉണ്ട്. നടപ്പു സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ കൃഷി ഫാമുകളിൽ നടീൽ വസ്തുക്കളുടെ ഉല്പാദനം, അടിസ്ഥാന സൗകര്യ വികസന എന്നിവയ്ക്കായി 175 ലക്ഷം രൂപ വകകൊള്ളിച്ചിരിക്കുന്നു. അതുകൂടാതെ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ, ആർ.ഐ.ഡി.എഫ്., ആർ.കെ.വി.വൈ. എന്നീ പദ്ധതികൾ പ്രകാരവും ഫാമുകളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പ്രവർത്തനങ്ങൾ നടന്നുവരുന്നു.

KERALA LEGISLATIVE ASSEMBLY

(സി) നൂതന കാർഷിക സാങ്കേതികവിദ്യകൾ കൃഷിക്കാരിൽ എത്തിക്കുന്നതിനും സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷന്റെയും ആർ.കെ.വി.വൈ., ആർ.ഐ.ഡി.എഫ്. എന്നിവയുടേയും സഹായത്തോടെ ഫാമുകളെ മാതൃകാ തോട്ടങ്ങളാക്കി മാറ്റുന്നതിനും, മോഡൽ നഴ്സറികൾ, ഔഷധ സസ്യത്തോട്ടങ്ങൾ എന്നിവ സ്ഥാപിക്കുന്നതിനും പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

(ഡി) കൃഷി ഫാമുകളിൽ ഉല്പാദിപ്പിക്കപ്പെടുന്ന നടീൽ വസ്തുക്കളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് ശാസ്ത്രീയമായി നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കാർഷിക സർവ്വകലാശാലയിൽ നിന്നും മറ്റു വിവിധ ഗവേഷണ സ്ഥാപനങ്ങളിൽ നിന്നും നാഷണൽ സീഡ്സ് കോർപ്പറേഷനിൽ നിന്നും വിളകളുടെ പുതിയ ഇനം ന്യൂക്ലിയസ് നടീൽ വസ്തുക്കൾ വാങ്ങി പ്രജനനത്തോട്ടങ്ങളുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മയുള്ള മോഗവിമുക്ത നടീൽ വസ്തുക്കൾ ഉല്പാദിപ്പിക്കുന്നതിനും ആവശ്യമായ തുക പദ്ധതി വിഹിതമായി കൃഷി ഫാമുകൾക്ക് നൽകി വരുന്നു.

(ഇ) ഉണ്ട്. കൃഷി വകുപ്പ്, സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ, ജില്ലാ പഞ്ചായത്ത് എന്നിവരുടെ സാമ്പത്തിക സഹായത്തോടെ പുതിയ ഇനം നടീൽ വസ്തുക്കൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് സംസ്ഥാനത്തെ ഫാമുകളിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. 2010-11 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ എല്ലാ ഫാമുകളിലുമായി താഴെ പറയുന്ന പ്രധാനപ്പെട്ട നടീൽ വസ്തുക്കൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് ലക്ഷ്യമിട്ടിരിക്കുന്നു:

1.	തെങ്ങിൻ തൈകൾ	-	5.82 ലക്ഷം
2.	കുമുമുളക് വള്ളി	-	4.31 ലക്ഷം
3.	കശുമാവ് ഗ്രാഫ്റ്റ്	-	3.34 ലക്ഷം
4.	മാവ് ഗ്രാഫ്റ്റ്	-	1.07 ലക്ഷം
5.	കമുക് തൈ	-	1.06 ലക്ഷം
6.	നേന്ത്രൻ കന്ന്	-	4.71 ലക്ഷം
7.	വാഴക്കന്ന്	-	3.32 ലക്ഷം
8.	കിഴങ്ങ് വർഗ്ഗങ്ങൾ (ചേന, ചേമ്പ്, കാച്ചിൽ)	-	154 ടൺ
9.	പച്ചക്കറി വിത്ത്	-	7200 കി. ഗ്രാം

LIBRARY ARCHIVES Kerala Legislative Assembly